കവർസ്റ്റോറി

ടി. മുഹമ്മദ് വേളം

# മാധവിക്കുട്ടിയെ തൊട്ട ഇസ്‌ലാം



**ഏത്** നിമിഷത്തിലായിരിക്കും മാധവിക്കുട്ടി ഇസ്‌ലാമായത്. ഇസ്‌ലാമിന്റെ ഏത് ഭാവമായിരിക്കും അവരെ ചെന്ന് തൊട്ടിട്ടുണ്ടാവുക. പലരെയും പലരുചികളിൽ സ്പർശിച്ച ദിവ്യരാഗമാണത്. തന്റെ അഭിരുചിയുടെ ഏതറ്റമാണ് ഇസ്‌ലാമിൽ ചെന്നുതൊടുന്നതായി കമലാ ദാസിന് തോന്നിയിട്ടുണ്ടാവുക. ആത്മനിഷ്ഠവും വസ്തുനിഷ്ഠവും സ്വകീയവും സാമൂഹികവുമായ ഏതേത് അംശങ്ങളുടെ വിനിമയത്തിലായിരിക്കും അവർ കമലാ സുറയ്യയായത്. മലയാളത്തിലെ ഏറ്റവും കരുത്തുറ്റ ആത്മകഥ ജീവിതത്തിന്റെ നിറവസന്തത്തിൽ തന്നെ എഴുതിവെച്ച എഴുത്തുകാരിയെന്ന നിലയിൽ അവർക്ക് ശേഷവും അവരിലൂടെ സഞ്ചരിക്കാൻ ചില എളുപ്പങ്ങളുണ്ട്.

ജീവിതത്തിന്റെ ഏറ്റവും വലിയ മൂല്യം സ്നേഹമാണെന്നവർ വിശ്വസിച്ചിരുന്നു. മനുഷ്യബന്ധങ്ങൾക്ക് വിലങ്ങാവുന്ന സദാചാരത്തെ അവർ വെറുത്തിരുന്നു. “സദാചാരമെന്നു നമ്മുടെയിടയിൽ വ്യവഹരിക്കപ്പെടുന്നതിനെ അവഗണിക്കാനും ആദരിക്കാതിരിക്കാനും ഞാൻ തീരുമാനിച്ചതിനൊരു കാരണമുണ്ട്........ യഥാർഥ സദാചാരത്തിനാധാരം മനുഷ്യമനസ്സാവണം. സമുദായത്തെയും അതിന്റെ സദാചാരത്തെയും ഞാൻ വികൃതരൂപികളായിക്കാണുന്നു. സമുദായമെന്ന കള്ളമുത്തശ്ശി ഉണ്ടാക്കി നിർത്തിയ

കശാപ്പുശാലയാണ് സദാചാരം. സത്യത്തെ ഭയക്കുന്നവരെയും കള്ളം പറയുന്നവരെയും ചതിക്കുന്നവരെയും ഗർഭമലസിക്കുന്നവരെയും കള്ളച്ചിരി പൊഴിക്കുന്നവരെയും കള്ളക്കരച്ചിൽ കരയുന്നവരെയും മുത്തശ്ശിയമ്മ രാത്രിയിൽ തന്റെ കരിമ്പടം കൊണ്ട് പുതപ്പിച്ച് കാത്ത് രക്ഷിക്കുന്നു. മനസ്സിന്റെ ചൈതന്യം അറിഞ്ഞിരിക്കുന്നവരും ശരീരത്തിന്റെ നശ്വരതയും നിസ്സാരതയും മനസ്സിലാക്കിയവരുമായ സത്യാന്വേഷികൾ കരിമ്പടത്തിന്റെ സംരക്ഷണത്തിന് പുറത്ത് കിടന്ന് തണുത്ത് വിറക്കുന്നു. സമുദായ മുത്തശ്ശി ഈ കാഴ്ച കണ്ട് പൊട്ടിച്ചിരിക്കുന്നു." (*എന്റെ കഥ*- മാധവിക്കുട്ടി)

അനശ്വരമായ മനുഷ്യാത്മാവിൽ, അത് കണ്ടറിയാൻ കെൽപ്പില്ലെങ്കിൽ മനുഷ്യമനസ്സിലെങ്കിലും കെട്ടിപ്പടുത്തതാവണം ഉത്തമവും വന്ദ്യവുമായ സദാചാരം എന്നു ഞാൻ വിശ്വസിക്കുന്നു എന്നവർ തുടർന്നെഴുതുന്നുണ്ട്. മനുഷ്യനും മനുഷ്യബന്ധങ്ങൾക്കും മതിലാവുന്ന സദാചാരത്തിന്നെതിരായ സർഗ്ഗാത്മക കലാപമായിരുന്നു അവരുടെ രചനകളും ജീവിതവും. മനുഷ്യന്റെ മണവും ജീവിതത്തിന്റെ നിറവും സ്നേഹത്തിന്റെ സർവഭാവങ്ങളും അവരെ മത്തുപിടിപ്പിച്ചിരുന്നു. അവർ ജീവിതത്തിന്റെ അകത്തു തന്നെ അതിന്റെ മുഴുവൻ സത്യവും അന്വേഷിച്ചവളാണ്.

മനുഷ്യബന്ധങ്ങൾക്കിടയിൽ വെച്ച് ഏറ്റവും വിശുദ്ധമായി ജീവിതത്തെ ഉത്സവമാക്കാനുള്ള ഇസ്‌ലാമിന്റെ ശേഷി അവർ ഏറെ താൽപര്യത്തോടെ കാണുകയും അനുഭവിക്കുകയും ചെയ്തിട്ടുണ്ടാവണം. പരലോകമാണ് ഇഹലോകത്തെക്കാൾ ഒരുപാട് വലുത് എന്നത് ഇസ്‌ലാമിന്റെ ഏറെ ബലിഷ്ഠമായ അടിത്തറയാണ്. ഇസ്‌ലാമിന്റെ ഈ കാതൽ ഒരിക്കലും ജീവിത നിഷേധത്തിന്റെ കാരണമല്ല. പരലോകം വലുതായിരിക്കെത്തന്നെ ഇഹലോകത്തെ വസന്തമായി ആഘോഷിക്കാൻ അതിന് സാധിക്കുന്നു. നിഷിദ്ധങ്ങളുടെ പട്ടിക ഏറ്റവും ചെറുതായിരിക്കാൻ, അടിസ്ഥാനം നിഷിദ്ധമല്ല അനുവദനീയതയാണെന്ന് ഉദ്ഘോഷിക്കാൻ ഉത്സാഹം കാണിച്ച ജീവിത രീതിയാണിത്. തീറ്റക്കും കുടിക്കും തൊഴിലിനും പണത്തിനും സമ്പാദിക്കലിനും കൊടുക്കലിനും ലൈംഗികതക്കും സ്നേഹത്തിനും ആരാധനയോളം തന്നെ പവിത്രത പകർന്ന മതം!

ഇസ്‌ലാമിക പ്രമാണങ്ങളിൽ മാത്ര

**പള്ളിപ്പേടിക്കും പള്ളിയെക്കുറിച്ച പള്ളിക്കാരുടെ തന്നെ പേടിപ്പിക്കലിനും മധുരമനോഹരമായ നക്ഷത്രത്തിളക്കവും താമരച്ചന്തവുമുള്ള പ്രഹരമേൽപ്പിച്ചാണ് സുറയ്യയുടെ ഭൗതിക ശരീരം അന്ത്യയാത്ര ചോദിച്ചത്. പള്ളിയിൽ പള്ളിവിശ്വാസികളല്ലാത്തവർക്ക് പ്രവേശിക്കാമോ, പെണ്ണിന്റെ മൃതദേഹം അന്യർക്ക് കാണാമോ എന്നീ ഒരുപാട് തലനാരിഴ കീറലുകളെ അവർ ഒറ്റ മരണം കൊണ്ട് ഖബറടക്കിക്കഴിഞ്ഞു.**

മല്ല മുസ്‌ലിം ജീവിതങ്ങളിലും മനുഷ്യബന്ധങ്ങളുടെ മേളകളാവുന്ന ജീവിതോത്സവങ്ങളെ ഏറെ അഴകോടെ നാം കണ്ടുമുട്ടും. ബിരിയാണി ഉണ്ടാക്കി തിന്നുകയും കൊടുക്കുകയും ചെയ്യുന്ന സമുദായം, ജീവിതത്തെ അതിന്റെ മുഴുവൻ രുചിയോടെ അനുഭവിക്കുകയാണ് എന്ന് തോന്നാറുണ്ട്. മനുഷ്യ ബന്ധങ്ങളുടെ ഇടയിൽ നിന്ന് ഇറുമ്പിക്കുടിക്കാനുള്ളതാണ് ജീവിതത്തിന്റെ മധുരമെന്ന് അവരെ ആരോ പഠിപ്പിച്ചിരുന്നു. മലയാളി മുസ്‌ലിം ഗൾഫുകാരനായപ്പോൾ മറ്റു പല സമുദായങ്ങൾക്കും സംഭവിച്ചത് അവന് സംഭവിച്ചില്ല. അവൻ പണമുണ്ടാക്കുന്ന യന്ത്രമായില്ല. മലയാളി മുസ്‌ലിമിന്റെ ഗൾഫ് യാത്രക്ക് അത്തറിന്റെ മണവും കുടുംബ-അയൽപക്ക ബന്ധങ്ങളുടെ സുഗന്ധവും ഉണ്ടായിരുന്നു.

മനുഷ്യബന്ധങ്ങളുടെ പ്രസാദമധുരമായ ആഴങ്ങളെ ഖനനം ചെയ്തെടുക്കാൻ ശ്രമിച്ച ഒരെഴുത്തുകാരിയായിരുന്നു കമലാ സുറയ്യ. ഇസ്‌ലാമിൽ വന്നു ചേരുന്നതിനെത്രയോ മുമ്പേ അകാലത്തിലെ വൈധവ്യത്തെക്കുറിച്ച് അവർ നൊമ്പരപ്പെട്ടിരുന്നു. ഭർത്താവ് മരിച്ചോ പിരിഞ്ഞോ പോയ സ്ത്രീക്ക് മറ്റൊരു സാധ്യത ഉണ്ടായിരുന്നെങ്കിൽ എന്ന് അവർ മോഹം രേഖപ്പെടുത്തിയിരുന്നു:

"ഒരു സ്ത്രീക്കും സുരക്ഷിതത്വം നൽകുവാൻ മക്കൾക്കും ബന്ധുമിത്രാദികൾക്കും സാധ്യമല്ല എന്ന് അക്കാലത്ത് എനിക്ക് മനസ്സിലായി. സ്ത്രീയുടെ ശരീരത്തിന് മാത്രമല്ല സുരക്ഷിതത്വം ആവശ്യമുള്ളത്, ആത്മാവിനും ആവശ്യമാണ്. സ്ത്രീക്ക് അവളുടെ പുരുഷൻ മാത്രമാണ് തണലും വിശ്രമവും. സ്നേഹിക്കപ്പെട്ടും ആരാധിക്കപ്പെട്ടും ജീവിച്ച അമ്മമ്മ വിധവയായിക്കഴിഞ്ഞപ്പോൾ വീണ്ടും വിവാഹം ചെയ്തിരുന്നുവെങ്കിൽ അവരുടെ ജീവിതം മുഷിഞ്ഞ മൽമൽമുണ്ടാവുമായിരുന്നില്ല. സ്ത്രീക്ക് തന്റെ പുരുഷൻ ഈശ്വരനാണ്. ശ്രീകൃഷ്ണനാണ്........ സ്നേഹം തപസ്സാണ്, തപസ്സിന്റെ അനന്തമായ സായൂജ്യവും അതുതന്നെ"(*എന്റെ കഥ*).

മാധവിക്കുട്ടിയുടെ മതംമാറ്റത്തോട് അസഹിഷ്ണുതയോടെ പ്രതികരിച്ചുപോന്ന പൊതുബോധ മതേതര എഴുത്തുകാരൻ എം.എൻ കാരശ്ശേരി സുറയ്യയുടെ അനുശോചന സന്ദർഭത്തിൽ അവരുടെ മതംമാറ്റത്തെക്കുറിച്ച് പറഞ്ഞത് ഏറെ ശ്രദ്ധേയമാണ്. 'വൈധവ്യത്തെ അശുഭവും അശ്രീകരവും അസുന്ദരവുമായി കാണുന്ന ഒരു സംസ്കാരത്തോടുള്ള പ്രതിഷേധവും വൈധവ്യത്തിന് ശേഷവും ജീവിതത്തിന്റെ കാമനകളെ സ്വാഗതം ചെയ്യുന്ന, അതിന്റെ വിഹിതമായ പൂരണങ്ങളെ പ്രോത്സാഹിപ്പിക്കുന്ന ഒരു സംസ്കാരത്തോടുള്ള താൽപര്യവും ഈ മതംമാറ്റത്തിലുണ്ടായിരുന്നു' എന്നാണ് കാരശ്ശേരി നിരീക്ഷിച്ചത്.

അറുപത് വയസ്സുകാരിക്കും അറുപതു വയസ്സുകാരനും പ്രണയം സൂക്ഷിക്കാനും കൈമാറാനും നിയമപരമായി ത്തന്നെ വഴികളുള്ള ഒരു മതത്തെ അവർ തെരഞ്ഞെടുത്തു എന്നതിൽ പ്രഹേളികകൾ ഒന്നും തന്നെയില്ല എന്ന് അവരെ തുടക്കത്തിലേ പിന്തുടർന്നാൽ നമുക്ക് ബോധ്യമാകും. ഇസ്‌ലാമിലെ ത്വലാഖ് പാശ്ചാത്യർക്ക് വിമർശനത്തിനും വിവാദത്തിനുമുള്ള ക്ഷണപത്രമാകാറുണ്ട്. ഒരു ബന്ധം എത്ര വരണ്ടുപോയാലും മുടന്തി മുടന്തി തട്ടിമറിഞ്ഞു വീണാലും ദമ്പതികളൊരിക്കലും പിരിയുന്നതിനെക്കുറിച്ച് ആലോചിക്കാൻ പാടില്ലാതെ ആർക്കോ വേണ്ടി ഏതോ സദാചാരത്തിന്റെ ബലിമൃഗങ്ങളായി എരിഞ്ഞുതീർന്ന് പോകണമെന്ന ദുർവാശി ഇസ്‌ലാമിനില്ല.

*എന്റെ കഥ* എന്ന ആത്മകഥയിൽ പലയിടത്തും വൈധവ്യത്തെ അങ്ങേയറ്റത്തെ ജീവിത വിരുദ്ധമായ ഭാവത്തിൽ

# യാത്രാമൊഴിയുടെ മുഹൂർത്തം

മക്കളെ കാണുവാൻ സാധിക്കാത്ത
അമ്മമാർ
തങ്ങളുടെ കണ്ണുകളിൽ
മഞ്ഞുവീഴുന്നുവെന്ന്
ചിന്തിച്ച് പരിഭ്രാന്തരാവുന്നു;
മുഖങ്ങളുടെ
രൂപരേഖകൾ അലിയുന്നോ?
മിത്രങ്ങളും
അപരിചിതരായി കാണപ്പെടുന്നു.

മക്കളുടെ സ്വരങ്ങൾ
കേൾക്കുവാൻ കഴിയാത്ത
അമ്മമാർ ബധിരകളായി മാറുന്നു.
ഫോണിലൂടെ വരുന്ന
സ്വരം ആരുടേതെന്ന് പിടികിട്ടാതെ
അവർ ചുറ്റുപാടും പകച്ചുനോക്കുന്നു.
ടെലിവിഷന്റെ വാർത്താപാരായണം
വെറുമൊരു അജ്ഞാതമന്ത്രത്തിന്റെ
ഇരമ്പമായി മാറുന്നു.

*സുറയ്യ പാടുന്നു* എന്ന കവിതാ സമാഹാരത്തിൽനിന്ന്



**ഇസ്‌ലാംപേടിയുടെ നട്ടപ്രാന്തുകാലത്തും അവർ ഈ വഴി തെരഞ്ഞെടുത്തു എന്നത് പേടിപ്പിക്കുന്നത് കൊണ്ട് മാത്രം ആളുകൾ പേടിക്കുന്നില്ല എന്നതിന്റെ സാക്ഷ്യമാണ്. നമ്മുടെ സമൂഹബോധത്തിന്റെ ഇരുൾ മുറികളിൽ ഇസ്‌ലാം പാമ്പായും തേളായും ഇഴഞ്ഞിരുന്നു.**

ഒരനുഷ്ഠാനം പോലെ ആചരിക്കുന്ന തന്റെ കുടുംബ വട്ടത്തിലെ സ്ത്രീകളെ മാധവിക്കുട്ടി വേദനയോടെ ഓർക്കുന്നുണ്ട്. മനുഷ്യബന്ധം പുറപ്പെടുവിക്കുന്ന ഒരു സംഗീതമുണ്ട്, അത് പ്രസരിപ്പിക്കുന്ന ഒരു പൂമണമുണ്ട്. മാധവിക്കുട്ടിയെ എന്നും ഭ്രമിപ്പിച്ചിരുന്ന ജീവിതകാമന അതായിരുന്നെന്ന് തോന്നുന്നു. മനുഷ്യബന്ധത്തിന്റെ സാധ്യതയെയും സ്വാതന്ത്ര്യത്തെയും ആഘോഷിച്ച, ആചാരപൂർവം പരിചരിച്ച ഒരു ദർശനം ഈ വിശ്വസാഹിത്യകാരിയെ ചെന്ന് തൊട്ടത് ഈ ബിന്ദുവിലായിരുന്നിരിക്കണം. മാധവിക്കുട്ടി വരണ്ട ആദർശത്തെക്കാൾ നിറഞ്ഞ ആർഭാടത്തെ ഇഷ്ടപ്പെട്ടിരുന്നു. ഭൗതികമായ സമ്പന്നതകൾ അവരെ ആകർഷിച്ചിരുന്നു. ആത്യന്തികമായ ആഹ്ലാദ നിഷേധങ്ങൾ അവരെ മടുപ്പിച്ചിരുന്നു. ഇസ്‌ലാമിന് മുമ്പും ശേഷവും ഔദാര്യത്തിന്റെയും ദീനാനുകമ്പയുടെയും നിറപറയായിരുന്നു അവർ. കമലാ സുരയ്യയുടെ ഇസ്‌ലാമിന് ഒരു സൂഫി സ്പർശമുണ്ട്. സ്നേഹം മാനുഷികം മാത്രമല്ല, ദൈവികം കൂടിയാണെന്ന് കമല നേരത്തെ അറിയുന്നുണ്ടായിരുന്നു. സ്നേഹത്തിന്റെ ഉയർന്ന രൂപമായ ഭക്തി എന്നും അവരിലുണ്ടായിരുന്നു.

“എന്റെ വരന്
പൂമാലകൾ ആവശ്യമില്ല
അവന്ന് കഴുത്തില്ലല്ലോ,
എന്റെ വരനുവേണ്ടി
താമ്പൂലമൊരുക്കേണ്ടതില്ല,
ചവയ്ക്കുവാൻ വായില്ല.
ശരീരമില്ലാത്ത നാഥനാണ്
എന്റെ പ്രിയതമൻ.” (എന്റെ പ്രിയതമൻ- *യാ അല്ലാഹ്*)

എന്നാൽ റാബിഅത്തുൽ അദവിയ്യയെപ്പോലെ സ്വർഗവിമുഖയായിരുന്നില്ല അവർ, എന്നും സ്വർഗത്തെ കാംക്ഷിച്ച ജീവിത കാമനകളുള്ളവളായിരുന്നു. സ്വർഗം എന്നും അവരെ കൊതിപ്പിച്ചിരുന്നു. ജീവിതവസന്തങ്ങളുടെ പൂർണതയായി സ്വർഗത്തെ അവർ മനസ്സിലാക്കിയിരുന്നു.

കരയുന്ന കുഞ്ഞിന്
കളിപ്പാവയായി
നീയെനിക്ക് സൂര്യനെത്തന്നു.
എനിക്ക് നഷ്ടപ്പെട്ടത്
വെറുമൊരു മധുവിധു,
ഞാൻ നേടിയെടുത്തതോ
സ്വർഗരാജ്യവും. (സ്വർഗരാജ്യം)

ഭൗതികമായ പ്രണയത്തെയും സ്വർഗത്തെയും ഇരുകൈയിൽ വെച്ച് തെരഞ്ഞെടുക്കാൻ പറഞ്ഞാൽ സുറയ്യയും പ്രണയത്തെത്തന്നെയാണ് തെരഞ്ഞെടുക്കുക എന്നവർ പറയുന്നുണ്ടെങ്കിലും, ജീവിതത്തിന്റെ കടുംനിറങ്ങളാണ്, അതിനെ പരിപാലിക്കാൻ ഇസ്‌ലാം കാണിച്ച താൽപര്യമാണ് സുറയ്യയെ ഇസ്‌ലാമിലേക്ക് ആകർഷിച്ചത്. ഇസ്‌ലാം ആത്മീയതക്ക് ഭൗതികതയെയോ ഭൗതികതക്ക് ആത്മീയതയെയോ വിലയായി ചോദിച്ചില്ല എന്നതാണ് പ്രായോഗികമായ സത്യം. ജീവിതം വിശ്വാസിയോട് അല്ലാഹു വിലയ്ക്ക് വാങ്ങിയിട്ടും അവന് സ്വർഗത്തെ വിലയായി കൊടുത്തിട്ടും അവൻ വിശ്വാസിക്ക് ജീവിതത്തിന്റെ ഒരു മധുരവും സുഗന്ധവും ഊഷ്മളതയും നിഷേധിച്ചുകളഞ്ഞില്ല. നിഷേധിച്ച പുരോഹിതന്മാർക്കെതിരെ ദിവ്യപാഠങ്ങളിലൂടെ കലാപങ്ങളഴിച്ചുവിട്ടു. വേദസൂക്തങ്ങളിലൂടെ അവരുടെ കരണത്തടിച്ചു. “എന്റെ അടിമകൾക്ക് വേണ്ടി ഞാനുണ്ടാക്കിയ അലങ്കാരങ്ങളെ നിഷിദ്ധമാക്കുന്നവനാരെടോ”(*അൽഅഅ്റാഫ്* 32).

ദൈവത്തിന്റെ കലാസൃഷ്ടിയാണ് ജീവിതം. അത് തിരിച്ചറിഞ്ഞ സഹൃദയയായിരുന്നു കമലാ സുറയ്യ. “ഞാൻ ചോദിക്കാതെ ദൈവമെനിക്ക് ജീവിതം തന്നു. ഞാനതൊരുപാട് ആസ്വദിച്ചു, സ്നേഹിച്ചു, സ്നേഹിക്കപ്പെട്ടു. ഞാൻ സംതൃപ്തയാണ്.”

### രണ്ട്

മലയാളത്തിലെ ഏറ്റവും മികച്ച സ്ത്രീ എഴുത്തുകാരി കമലാ സുറയ്യയാണ്. ഒരു സ്ത്രീക്ക് മാത്രം സാധ്യമാകുന്ന ആവിഷ്കാരമായിരുന്നു സുറയ്യയുടേത്. സ്ത്രൈണ ശക്തിയുടെ ചൈത

ന്യവും ഗുരുത്വാകർഷണ ബലവും നാം അവരുടെ കൃതികളിൽ അനുഭവിച്ചു. സ്ത്രീ വിമോചനം പുരുഷ ശത്രുതയല്ല എന്ന് ഓർമിപ്പിച്ചത് അവരുടെ രചനക ളാണ്. ഏറ്റവും കരുത്തുള്ള പുരുഷനെ വരഞ്ഞത് അവരുടെ കഥകളാണ്.

മലയാളത്തിലെ എക്കാലത്തെയും ഏറ്റവും കരുത്തുള്ള സ്ത്രീ കഥാപാത്ര ങ്ങളെ സൃഷ്ടിച്ചത് ബഷീറാണ്. മലയാ ളത്തിലെ ഏറ്റവും മികച്ച പുരുഷ എഴു ത്തുകാരൻ അദ്ദേഹമാണ്. ഏറ്റവും നല്ല പുരുഷ എഴുത്തുകാരൻ ഏറ്റവും മികച്ച സ്ത്രീ കഥാപാത്രങ്ങളെ സൃഷ്ടിച്ചു. ഏറ്റവും മികച്ച സ്ത്രീ എഴുത്തുകാരി ഏറ്റവും ഹൃദയഹാരിയായ പുരുഷ കഥാ പാത്രങ്ങളെ സൃഷ്ടിച്ചു. മജീദിനെക്കാൾ എന്ത് മനോഹാരിതയുണ്ട് സുഹറക്ക്, നിരക്ഷരയായ കുഞ്ഞിപ്പാത്തുമ്മക്കും എന്ത് കരുത്തും ശോഭയും നന്മയുമാണ്?!

പെണ്ണിന്റെ നൈസർഗികാവി ഷ്കാരം പുരുഷനെ വാഴ്ത്തിപ്പാടുന്നതാ ണ്. പുരുഷന്റെ സ്വരകല പെണ്ണിനെ കൊതിക്കുന്നതും. സ്നേഹത്തിന്റെ സർഗകലാപമായിരുന്നു സുറയ്യ. സ്ത്രീ പുരുഷ ശത്രുതയോളമെത്തുന്ന ഫെമിനി സത്തിന്റെ സാഹിതീയമായ നിരാകരണ മായിരുന്നു അവരുടെ രചനയും ജീവിത വും.

സ്ത്രീ ഏറ്റവും വിലകൽപ്പിക്കു ന്നത് സ്നേഹത്തിനും സുരക്ഷിതത്വത്തി നുമാണെന്ന് അവരും അവരുടെ കഥാപ ത്രങ്ങളും ആവർത്തിച്ച് പറഞ്ഞു. "എന്റെ അമ്മക്ക് അഛനെ വശീകരിച്ച് പാട്ടിലാ ക്കാനുള്ള സ്ത്രീ സഹജമായ ആ കഴിവ് ഉണ്ടായിരുന്നില്ല, എന്റെ അമ്മ സ്ത്രീ ശരീ രമുള്ള ഒരു പുരുഷനാണെന്ന് എനിക്ക് തോന്നിയിട്ടുണ്ട്. തന്റെ ബലഹീനത പ്രദർശിപ്പിച്ച് ഒരാളുടെ രക്ഷാകതൃത്വം യാചിച്ചെടുക്കുന്ന വിദ്യ അവർക്ക് തീരെ അറിയില്ല, നേരെ മറിച്ച് തന്റെ ശക്തിയെ പ്രദർശിപ്പിക്കാൻ അവർ ഉത്സാഹം കാണിച്ചു" (*എന്റെ കഥ*).

സ്ത്രൈണതയെ അതിന്റെ മുഴു വൻ കരുത്തോടും സൗന്ദര്യത്തോടും മാധവിക്കുട്ടി ആവിഷ്കരിച്ചിട്ടുണ്ട്. സ്ത്രൈണത അതിന്റെ സ്രഷ്ടാവിനെ കണ്ടെത്തുകയായിരുന്നു. എന്നാൽ പെണ്ണിനെ അടിമയാക്കുന്ന ആണിനെ തിരെ വിട്ടുവീഴ്ചയില്ലാത്ത വിമർശന ങ്ങൾ അവർ അഴിച്ചുവിട്ടിരുന്നു. സാഹി ത്യകാരി ആത്മാവിന്റെ സ്വരം കേൾക്കു ന്നവരാണെന്ന് അവർ വിശ്വസിച്ചിരുന്നു.

**മനുഷ്യബന്ധം പുറപ്പെടുവിക്കുന്ന ഒരു സംഗീതമുണ്ട്, അത് പ്രസരിപ്പിക്കുന്ന ഒരു പൂമണമുണ്ട്, മാധവിക്കുട്ടിയെ എന്നും ഭ്രമിപ്പിച്ചിരുന്ന ജീവിതകാമന അതായിരുന്നെന്ന് തോന്നുന്നു. മനുഷ്യബന്ധത്തിന്റെ സാധ്യതയെയും സ്വാത ന്ത്ര്യത്തെയും ആഘോഷിച്ച, ആചാരപൂർവം പരിചരിച്ച ഒരു ദർശനം ഈ വിശ്വസാഹിത്യകാരിയെ ചെന്ന് തൊട്ടത് ഈ ബിന്ദുവിലായിരുന്നിരിക്കണം.**

സ്ത്രൈണതയെ ഇത്രമേൽ ധ്യാനിച്ച, ആത്മബോധത്തോടെ ഉയർത്തിപ്പിടിച്ച മറ്റൊരെഴുത്തുകാരി നമുക്കുണ്ടോ? സ്ത്രീക്ക് മാത്രം സാദ്ധ്യമാകുന്ന മൊഴി കളിൽ അവർ ദൈവത്തോട് സംസാരിച്ചു കൊണ്ടിരുന്നു. അല്ലാഹുവിനെ വരനായി ക്കാണാൻ ഒരു പെണ്ണിനല്ലാതെ മറ്റാർക്കു മാവില്ലല്ലോ. ദൈവം സുരക്ഷിതത്വമാ ണെന്ന് സുറയ്യ പിന്നെയും പിന്നെയും പാടുന്നുണ്ട്.

## മൂന്ന്

സുറയ്യ സ്നേഹമായിരുന്നു, സ്നേഹത്തിന് ദാഹിച്ച് തൊണ്ട വരണ്ട വളായിരുന്നു. സ്നേഹം കൊണ്ട് എല്ലാ ത്തിനെയും നിർവചിക്കാൻ ശ്രമിച്ചവളാ യിരുന്നു. ഒരു സ്നേഹരാഹിത്യം പോലും സഹിക്കാൻ കഴിയാത്തവളായിരുന്നു. സ്നേഹത്തിന്റെ അഖിലസാരത ഏറ്റവും നന്നായി അറിഞ്ഞവളാണ്. സ്നേഹത്തെ ചൊല്ലി കലഹിച്ചവളാണ്. സ്നേഹ നിഷേ ധങ്ങൾ പറഞ്ഞ് പിണങ്ങിയവളാണ്. കൃഷ്ണനോടും അല്ലാഹുവിനോടും സ്നേഹത്തിന്റെ അക്ഷരക്കൂട്ടുകൾ കൊണ്ടാണവർ സംസാരിച്ചത്.

എന്നിട്ടും ഇസ്‌ലാംപേടിയുടെ നട്ട പ്രാന്തുകാലത്തും അവർ ഈ വഴി തെര ഞ്ഞെടുത്തു എന്നത് പേടിപ്പിക്കുന്നത് കൊണ്ട് മാത്രം ആളുകൾ പേടിക്കുന്നില്ല എന്നതിന്റെ സാക്ഷ്യമാണ്. നമ്മുടെ സമൂ ഹബോധത്തിന്റെ ഇരുൾ മുറികളിൽ ഇസ്‌ലാം പാമ്പായും തേളായും ഇഴഞ്ഞി രുന്നു.

ഇസ്‌ലാം ഒരു ജലാശയം  
അതിന്റെ അഗാധതയിൽ  
അപകടങ്ങൾ പതിയിരിക്കുന്നു  
എന്ന് ഞാനെന്നും കേട്ടിരുന്നു.......  
ആ പച്ചപ്പിൽ,  
പച്ചക്കണ്ണുകളുള്ള സർപ്പം  
ചീങ്കണ്ണികൾ  
വിഷം വമിക്കുന്ന വണ്ടുകൾ  
അടുക്കാൻ ഭയന്ന് ഞാൻ  
ദൂരെ ദൂരെ നടന്നു  
ഇസ്‌ലാം ജലാശയമാണ്  
അതിൽ ശാന്തിയുടെ പച്ചപ്പ്  
ഞാൻ കണ്ടെത്തിക്കഴിഞ്ഞു  
അതിൽ ഞാൻ നീന്തുന്നു.........  
ഇതിൽ തന്നെ ജീവിത സാഫല്യം  
കണ്ടെത്തുന്നു,  
ധന്യയായി (ജലാശയം)

ഇസ്‌ലാം ഭീതിയുടെ ചെളിയിൽ കമ ലമായ്, കൂരിരുട്ടിൽ അന്ത്യയാമത്തിലെ നക്ഷത്രമായ്, വിരിഞ്ഞും വിളങ്ങിയുമാണ് അവർ അന്ത്യയാത്ര നടത്തിയത്. പള്ളി പ്പേടിക്കും പള്ളിയെക്കുറിച്ച പള്ളിക്കാ രുടെ തന്നെ പേടിപ്പിക്കലിനും മധുരമ നോഹരമായ നക്ഷത്രത്തിളക്കവും താമ രച്ചന്തവുമുള്ള പ്രഹരമേൽപ്പിച്ചാണ് സുറ യ്യയുടെ ഭൗതിക ശരീരം അന്ത്യയാത്ര ചോദിച്ചത്. പള്ളിയിൽ പള്ളിവിശ്വാസിക ളല്ലാത്തവർക്ക് പ്രവേശിക്കാമോ, പെണ്ണിന്റെ മൃതദേഹം അന്യർക്ക് കാണാമോ എന്നീ ഒരുപാട് തലനാരിഴ കീറലുകളെ അവർ ഒറ്റ മരണം കൊണ്ട് ഖബറടക്കിക്കഴിഞ്ഞു. ഒരേ വീട്ടിൽ ഹിന്ദുവും മുസ്‌ലിമും ക്രിസ്ത്യാനിയും യുക്തിവാദിയും പൊറുക്കുന്ന നമ്മുടെ വാഗ്ദത്ത ഭൂമിയിലേക്കുള്ള അകലത്തിന് ഒരു മരണംകൊണ്ട് എത്ര ദൂരമാണവർ കുറച്ചു കളഞ്ഞത്. അവർക്ക് കേരളം നൽകിയ മുന്നനുഭവങ്ങളില്ലാത്ത യാത്ര യയപ്പ് നാം പാത്തുവെക്കുകയും പടർത്തുകയും ചെയ്യേണ്ട ഏറെ നല്ല ഒരു സാമൂഹിക പാഠമാണ്. ജീവിതം പോലെ ത്തന്നെ സുറയ്യയുടെ മരണവും ഒര ത്ത്യുജ്ജ്വല ആവിഷ്കാരമാവുകയായിരു ന്നു. ഒരുപാട് ധ്വനികളും സന്ദേശങ്ങളു മുള്ള ഒരു മധുരമനോഹര ആവിഷ്കാ രം. ■